ഹൈക്കോടതിയിൽ കേസ് കിടക്കുകയാണ്. ഇപ്പോഴത്തെ കൈവശക്കാരുടെ കാര്യത്തിൽ ഗവൺമെന്റിന് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് താൽപ്പര്യ മുണ്ടെങ്കിൽതന്നെ ഹൈക്കോടതിയിലെ ഈ കേസിൽ തീരുമാനമാകാതെ നിർവ്വാഹമില്ലാത്ത ഒരവസ്ഥയുണ്ട്. കഴിയുന്നതുംവേഗം ഹൈക്കോടതിയുടെ കേസിൽ തീരുമാനമുണ്ടായാൽ ഈ കൈവശക്കാരുടെ കാര്യത്തിൽ ആവശ്യ മായ നടപടികൾ ഗവൺമെന്റ് ഉടനെ സ്വീകരിക്കുന്നതാണ്.

(8) 'സിൽക്കിന്' ഹൈഡ്രോപവർ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുവാദം

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, നഷ്ടത്തിൽ പ്രവൃത്തിക്കുന്ന നമ്മുടെ പൊതുമേഖലാ സ്ഥാപനമായ Steel Industries of Kerala യുടെ പ്രവർത്തനം ലാഭകരമായി നടത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നത്. 1998-ൽ കേരള സർക്കാരും കെ.എസ്.ഇ.ബി.യും ചൈനയിലെ Hanzu International Centre and International Network on Small Hydro Power ഉം ചേർന്ന് ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ചൈനീസ് സാങ്കേതികവിദ്യയുപയോഗിച്ച് കേരളത്തിൽ 18 ചെറു കിട ഹൈഡ്രോ പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഈ ധാര ണാപത്രത്തിൽ ഒപ്പുവച്ചത്. അതേവർഷം തന്നെ ചൈനയിലെ അതേ കമ്പനി യുമായി 'സിൽക്ക്' മറ്റൊരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. 'സിൽക്ക്' ഇന്ത്യയിൽ ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ചെറുകിട ഹൈഡ്രോ പ്രോജക്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയിട്ടാണ് അതേ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചത്. ആ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ 'സിൽക്കിനെ' Implementing agent ആയി നിയമിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാരിനും കെ.എസ്.ഇ.ബിക്കും 'സിൽക്ക്' ഒരു അപേക്ഷ കൊടു ത്തു. ആ അപേക്ഷ അനുവദിക്കാതിരുന്നതിന് കാരണം പറഞ്ഞത് ചൈനീസ് കമ്പനിയുമായി ഉണ്ടാക്കിയ ധാരണാപത്രത്തിൽ ചൈനയിൽനിന്ന് അവരുടെ എക്യൂപ്മെന്റ്സ് വാങ്ങി ഉപയോഗിക്കണമെന്നതാണ്. 'സിൽക്ക്' അതേ വ്യവസ്ഥ പാലിക്കുവാൻ തയ്യാറാണ്. 'സിൽക്ക്' വീണ്ടും പവർ സെക്രട്ടറിക്ക് കൊടുത്ത അപേക്ഷയിൽ ചൈനയിലെ അതേ കമ്പനിയിൽനിന്നുതന്നെ എക്യൂപ്മെന്റ്സ് വാങ്ങി Turn-key വ്യവസ്ഥയിൽ implementing agent ആയി പ്രവർത്തിക്കാം എന്നാണ് ആവശ്യപ്പെടുന്നത്. പെപ്പാറയിലെ പവർ പ്രോജക്ട് നിർമ്മിച്ചത് ഈ സിൽക്കാണ്. കൂടാതെ തമിഴ്നാട്ടിലെ തീൻമൂർത്തി പ്രോജക്ടും നിർമ്മിച്ചത് അവരാണ്. യു.പി.യിലും നിർമ്മിച്ചു. ഈ ധാര ണാപത്രം ഒപ്പിട്ടുവെങ്കിലും കെ.എസ്.ഇ.ബി., കരാർ ഒപ്പിട്ടിട്ടില്ല. ചൈനീസ് സംഘടനയുമായി കരാർ ഒപ്പിട്ടിട്ടില്ല. അപ്പോൾ കരാർ ഒപ്പിടുന്നതിനുമുമ്പായി കെ.എസ്.ഇ.ബി. ഈ സിൽക്കിനെ ഇംപ്ലിമെന്റിംഗ് ഏജന്റായി നിയമിക്കാമോ യെന്ന് ചൈനയിലെ ഈ സ്ഥാപനവുമായി സംസാരിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ചൈനയിലെ സ്ഥാപനം അത് അനുവദിക്കുമെന്നാണ് തോന്നുന്നത്. കാരണം സിൽക്ക് അവരുമായി നേരിട്ട് സംസാരിച്ചിട്ടുണ്ട്. അതു കൊണ്ട് ഈ കരാർ ഒപ്പിടിക്കുന്നതിനുമുമ്പായി അപ്രകാരം ഒരു സാഹചര്യമു ണ്ടാക്കുന്നതിന് ബഹു. മന്ത്രി നേതൃത്വം കൊടുത്ത് അവരുമായി ചർച്ച ചെയ്യു വാനുള്ള അവസരമുണ്ടാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കേരള സർക്കാരും കെ.എസ്.ഇ.ബി.യും ചേർന്ന് ചൈനയിലെ എച്ച്.ഐ.സി.,

LIBRARY ARCHIVES Kerala Legislative Assembly

ഐ.എൻ.എസ്.എച്ച്.പി.യുമായി 1998-ൽ രണ്ട് എം.ഒ.യും ഒരു എഗ്രിമെന്റും ഒപ്പു വച്ചിട്ടുണ്ട്. പ്രസ്തുത എം.ഒ.യും അനുസരിച്ച് ചൈനീസ് ഏജൻസിയിൽനിന്നും കെ.എസ്.ഇ.ബി. യന്ത്രങ്ങൾ നേരിട്ട് വാങ്ങാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മറ്റൊരു ഏജൻസിയെ ഈ എം.ഒ.യു.വിൽ ഭാഗഭാക്കാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ വൈദഗ്ദ്ധ്യം എച്ച്.ഐ.സി., ഐ.എൻ.എച്ച്.പി. യാണ് നൽകുന്നത്. ഈ സാഹചര്യത്തിൽ ഒരു പൊതുമേഖലാ സ്ഥാപനമായ 'സിൽക്കിന്റെ' സേവനം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ എപ്രകാരം പ്രയോജനപ്പെടുത്താമെന്ന കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി തീരുമാനിക്കുന്നതാണ്.

(9) കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ സെക്രട്ടറിയേറ്റ് ധർണ

ശ്രീ. എളമരം കരീം : സർ, സംസ്ഥാനത്തെ ആയിരക്കണക്കിന് കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഇന്ന് സെക്രട്ടറിയേറ്റിനുമുമ്പിൽ ഒരു ധർണ നടത്തുകയാണ്. വലിയ പണച്ചെലവോടുകൂടി കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിലും ഗ്രാമങ്ങളിലുമൊക്കെ കേബിൾ ടി.വി. മുഖേന സ്വയംതൊഴിൽ കണ്ടെത്തിയ ചെറുപ്പക്കാർ ആ ജോലി തുടരാൻ സാധിക്കാത്ത തരത്തിൽ ചില പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. ഈ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, സർക്കാരും അവർക്കാവശ്യമായ സഹായകരമായ നിലപാട് സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് അവർ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കേരളത്തിലെ ഇലക്ട്രിക് പോസ്റ്റുകളിലൂടെ കേബിൾ ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബിയുമായി ഏഷ്യാനെറ്റ് കരാർ വയ്ക്കുന്നത് 1992 -ലായിരുന്നു. പത്ത് വർഷത്തേയ്ക്കായിരുന്നു കരാർ. എന്നാൽ കേരളത്തിൽ പലയിടത്തും കേബിൾ ലൈൻ വലിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പല കേബിൾ ടി.വി. ഓപ്പറേറ്റർമാരും ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. അതേത്തുടർന്ന് കേരളാ ഹൈക്കോടതി ഏഷ്യാനെറ്റുമായി കരാറിന്റെ സാധുത അംഗീകരിച്ചുകൊണ്ടുതന്നെ ഇനിയും കേബിൾ ലൈൻ വലിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഒരു മാനദണ്ഡമനുസരിച്ച് ലൈൻ വലിക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഉത്തരവായി. ഇതോടൊപ്പം ഇതിനായി ഒരു ഗൈഡ് ലൈനിന് രൂപം നൽകാൻ ഹൈക്കോടതിയിൽനിന്നും ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ ബോർഡ് കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്നും അപേക്ഷ സ്വീകരിക്കുകയുണ്ടായി. ഉദ്ദേശം 395-ഓളം അപേക്ഷ ലഭിക്കുകയുണ്ടായി. അപേക്ഷകർക്ക് അനുമതി നൽകാൻ മാർഗ്ഗരേഖയുണ്ടാക്കുവാനും അപേക്ഷകൾ പരിശോധിക്കാനുമായി ബോർഡിലെ ഡിസ്ട്രിബ്യൂഷൻ സൗത്ത് ചീഫ് എൻജിനീയർ ചെയർമാനായി ഒരു നാലംഗ കമ്മിറ്റിയെ 2.1.99-ൽ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് ഇലക്ട്രിക് പോസ്റ്റിലൂടെ കേബിൾ ലൈൻ വലിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. എത്രയും പെട്ടെന്ന് ആ നടപടികൾ പൂർത്തീകരിച്ച് കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly